## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **686** 07.01.2014 ൽ മറുപടിയ്ക്ക്

## ക്വാറി-ക്രഷർ പെർമിറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | ക്വാറി – ക്രഷർ തൊഴിലാളികൾക്ക് ലൈസൻസ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജിയോളജി വകുപ്പിൽ നിന്നും പാറ കൾക്കുള്ള പെർമിറ്റ് നിർത്തിവെച്ച സാഹചര്യം വ്യക്തമാക്കുമോ; | (ബി) | പെർമിറ്റ്/ലീസ് അനുവദിക്കുന്നത് നിർത്തിവെച്ചിട്ടില്ല. എന്നാൽ ബഹു. സുപ്രീം കോടതിയുടെ 27/02/2012 ലെ ഉത്തരവ് പ്രകാരം ഖനന പെർമിറ്റുകൾ അനുവദിക്കുന്നതിന് കേന്ദ്ര - വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള എൻവയോൺമെന്റൽ ക്ലിയറൻസ് ബാധകമാക്കിയിട്ടുണ്ട്. ഈ ക്ലിയറൻസ് ലഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളും, കാലതാമസവും നേരിടുന്നുണ്ട്. ഇതു കൂടാതെ ബഹു. ഹൈക്കോടതിയുടെ WP(C)9015/2007 ലെ ഉത്തരവ് പ്രകാരം പെർമിറ്റ് നൽകുന്നതിന് ക്വാറികളുടെ ആഴം 20 അടിയായി നിജപ്പെടുത്തേണ്ടതുമുണ്ട്. |
| (സി) | പെർമിറ്റ് നൽകുന്ന നടപടി പുനഃ സ്ഥാപിക്കുമോ; | (സി) | നിശ്ചിത നിബന്ധനകൾ പാലിക്കുന്നവർക്ക് പെർമിറ്റ് അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ജിയോളജി വകുപ്പിനെ നോഡൽ ഏജൻസിയായി അംഗീകരിച്ച് പെർമിറ്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ഡി) | ഈ നിർദ്ദേശം പരിശോധിക്കുന്നതാണ്. |
| (ഇ) | സമഗ്ര ക്വാറി സംരക്ഷണ നിയമം നടപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ